# എഞ്ചിനീയറിംഗ്  കോളേജുകളെ ഐ.ബി.എം വിശിഷ്ട പരിശീലന കേന്ദ്രങ്ങളായി അംഗീകരിക്കും

ബി.അരവിന്ദാക്ഷൻ

കൊച്ചി : അമേരിക്ക കേന്ദ്രമാക്കിയുള്ള കേരളാ ഐ.ടി.അലയൻസും ഐ.ബി.എം ഉം ചേർന്നുള്ള സംയുക്ത സംരംഭത്തിലൂടെ കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ്  കോളേജുകളെ വിശിഷ്ട പരിശീലന കേന്ദ്രങ്ങളായി അംഗീകരിക്കുവാൻ ശ്രമം തുടങ്ങി.

ഐ.ബി.എം – കിറ്റ പ്രതിനിധികൾ ഇതിനകം വിവിധ കോളേജുകൾ സന്ദർശിച്ച്  ഇതിനുള്ള പ്രാരംഭ ചർച്ചകൾ നടത്തുകയുണ്ടായി. കമ്പ്യൂട്ടർ സയൻസ് , ഇലക്ട്രോണിക്ക്  എഞ്ചിനീയറിംഗ്  വകുപ്പുമായാണ്  ഇതിനുള്ള പ്രത്യേക ചർച്ചകൾ നടന്നത് .
30 കമ്പ്യൂട്ടർ ടെർമിനൽ ഉള്ള ലാബ്  സൗകര്യം ഇതിനായി എഞ്ചിനീയറിംഗ്  കോളേജുകൾ ഒരുക്കേണ്ടതുണ്ട് . ഈ സെന്ററുകൾക്ക് ഐ.ബി.എം ട്രെയിനിംഗ്  സെന്ററുമായി ബന്ധവും, ആധുനിക സോഫ് റ്റ് വെയറും, പഠനസാമഗ്രികളും നൽകും. ട്രെയിനിംഗ്  പൂർത്തിയാക്കുന്നവർക്ക്  അംഗീകാര പത്രികയും നല് കും.

തൊഴിൽ മേഖലയിൽ പ്രവേശിച്ച്  പ്രവർത്തിയെടുക്കുന്ന പ്രതീതി ഉളവാക്കുന്ന വിധം നല് കുന്ന പരിശീലനവും സൗജന്യ നേതൃത്വ പരിശീലനവും ട്രെയിനിംഗിന്റെ ഭാഗമാണ് . ട്രെയ് നിംഗ്  പൂർത്തിയാക്കുന്നവർക്ക്  സാഹചര്യാനുസൃതമായ മേഖലകളിൽ തൊഴിൽ തേടുന്നതിന്  ഇത്  സഹായിക്കുമെന്ന്  കിറ്റാ ചെയർമാൻ ജോർജ്ജ്  എബ്രഹാം, ഐ.ബി.എം മാർക്കറ്റിംഗ്  സ്ട്രാറ്റെജിസ്റ്റ്  ആന്റണി സത്യദാസ്  എന്നിവർ കൊച്ചിയിൽ പ്രസ് താവിച്ചു.

പഠനം പൂർത്തിയാക്കുന്നതിനൊപ്പം ഐ.ബി.എം ട്രെയിനിംഗ്  സർട്ടിഫിക്കറ്റും ഉള്ളവർക്ക്  കാമ്പസ്  സെലക്ഷന്  കൂടുതൽ സാദ്ധ്യതകളും ഉണ്ടാകും.



